മുസ്ലിമിൻ്റെ ഉടുമുണ്ട് അവൻ്റെ കണങ്കാലിൻ്റെ മദ്ധ്യം
വരെയാണ്. അതിനും അവൻ്റെ നെരിയാണിക്കും ഇടയിലാകുന്നതിൽ
തെറ്റില്ല -അല്ലെങ്കിൽ കുഴപ്പമില്ല-. രണ്ട്
നെരിയാണികൾക്ക് താഴേക്ക് ഇറങ്ങിയത് നരകത്തിലാണ്.
ആരെങ്കിലും തൻ്റെ മുണ്ട് അഹങ്കാരത്തോടെ വലിച്ചിഴച്ചാൽ
അല്ലാഹു അവനെ നോക്കുന്നതല്ല
അബൂ സഈദ് അൽ-ഖുദ്രി -هُْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "മുസ്ലിമിൻ്റെ ഉടുമുണ്ട്
അവൻ്റെ കണങ്കാലിൻ്റെ മദ്ധ്യം വരെയാണ്. അതിനും അവൻ്റെ നെരിയാണിക്കും
ഇടയിലാകുന്നതിൽ തെറ്റില്ല -അല്ലെങ്കിൽ കുഴപ്പമില്ല-. രണ്ട് നെരിയാണികൾക്ക്
താഴേക്ക് ഇറങ്ങിയത് നരകത്തിലാണ്. ആരെങ്കിലും തൻ്റെ മുണ്ട് അഹങ്കാരത്തോടെ
വലിച്ചിഴച്ചാൽ അല്ലാഹു അവനെ നോക്കുന്നതല്ല."
[صحيح] [رواه أبو داود وابن ماجه وأحمد]
കാലിൻ്റെ താഴ്ഭാഗം മുഴുവനായി മറക്കുന്ന വിധത്തിൽ, വസ്ത്രം താഴേക്ക്
വലിച്ചിഴക്കുന്നവരുടെ അവസ്ഥ മൂന്നിലൊന്നാണെന്ന് നബി (صلى الله عليه وسلم) വിവരിക്കുന്നു: ഒന്ന്:
കണങ്കാലിൻ്റെ മദ്ധ്യം വരെയാകുന്നതാണ് പുണ്യകരം. രണ്ട്: കണങ്കാലിൻ്റെ മദ്ധ്യം മുതൽ
അതിന് താഴേക്ക്, നെരിയാണി വരെ ആകുന്നത് അനുവദനീയവും, യാതൊരു തെറ്റുമില്ലാത്തതുമാണ്.
നെരിയാണി എന്നത് കൊണ്ട് ഉദ്ദേശ്യം കാൽപാദത്തിൻ്റെയും കണങ്കാലിൻ്റെയും സന്ധിയിൽ
പുറത്തേക്ക് തള്ളിനിൽക്കുന്ന രണ്ട് എല്ലുകളാണ്. മൂന്ന്: രണ്ട് നെരിയാണികൾക്കും
താഴേക്ക് ഇറങ്ങുക എന്നത് നിഷിദ്ധമാണ്. നരകശിക്ഷ ഭയപ്പെടേണ്ട തിന്മയാണത്.
അഹങ്കാരത്തോടെയും പൊങ്ങച്ചത്തോടെയും ധിക്കാരത്തോടെയുമാണ് ഈ പ്രവർത്തി
ചെയ്യുന്നത് എങ്കിൽ അല്ലാഹു അവനെ (കാരുണ്യത്തോടെ) നോക്കുക പോലും ചെയ്യുന്നതല്ല.
https://www.sunnah.global/hadeeth/ml/show/4964